

**മഹാശ്വേതാ ദേവി (1956-2016)**
പ്രമുഖ ബംഗാളി എഴുത്തുകാരിയും ജ്ഞാനപീഠം ജേതാവും. കൂടാതെ പത്മവിഭൂഷൻ (2006) മാഗ്സെ അവാർഡ് എന്നിങ്ങനെ നിരവധിപുരസ്കാരങ്ങൾ നേടി. ഇക്കഴിഞ്ഞ ജൂലായ് 28-ന് അന്തരിച്ചു. ഒരു ബാലസാഹിത്യകാരി കൂടിയായ മഹാശ്വേതാ ദേവി ഇന്ത്യൻ എഴുത്തുകാരിൽ പ്രമുഖയായിരുന്നു. അവരുടെ ചില നോവലുകൾ മലയാളത്തിലേക്ക് തർജ്ജമ ചെയ്യപ്പെട്ടിട്ടുണ്ട്.

# അനിമയുടെ പൂസി

പൂസിയെച്ചൊല്ലി വല്ലാത്ത പൊല്ലാപ്പിൽ തന്നെയാണ് അനിമ ചെന്നുപെട്ടത്. മഞ്ഞുമാതിരി വെളുവെളുത്ത മേനിയുടെ ഉടമ പൂസിപ്പൂച്ച എന്തു സുന്ദരിയാണ്! അനിമ വാത്സല്യപൂർവ്വം മടിയിലെടുത്തുവെക്കാൻ തുടങ്ങുമ്പോഴേക്കും മിഴിരണ്ടുമടച്ച് അത് പതിയെ ശബ്ദിക്കുകയായി:

"മ്യാവൂ മ്യാവൂ"

വികൃതി അധികമൊന്നുമില്ലെങ്കിലും ഇടയ്ക്കിടെ ശല്യപ്പെടുത്തുന്ന പൂസിയെ വീട്ടുകാരത്രെയും വെറുത്തു. ചില നേരങ്ങളിൽ മമ്മിയുടേതാണെങ്കിൽ മറ്റു ചിലപ്പോൾ ദീദിയുടെ സാധനങ്ങളാവും പൂസി വകവരുത്തുക.

മമ്മി അനിമയോട് പറയും: "പൂസിയുടെ കാര്യത്തിൽ നല്ല ശ്രദ്ധ വേണം. എന്റെ തറിയുടെ സർവ നൂലുകളും അത് നാശമാക്കി. "നിന്റെ പൂച്ചകാരണം എന്റെ മുടിയൊക്കെയും പോയി." ആവലാതി ദീദിയുടേതായിരുന്നു. പൂച്ചയെ ചെറുതായൊന്നു തല്ലി. അനിമ മുടി ശരിയാക്കാനിരുന്നു. ജോലി തീർന്നു കഴിഞ്ഞാൽ നിശബ്ദം മടിയിലിരിത്തിക്കൊണ്ട് അനിമ അതിനോട് ചോദിക്കുന്നത് ഇവ്വണ്ണമാവും:

"നിനക്ക് വല്ലാതെ നൊന്തു അല്ലേ പൂസി?" അപ്പോൾ കണ്ണ് രണ്ടുമടച്ച് പൂസി പ്രതിവചിക്കുകയായി: ""മ്യാവൂ മ്യാവൂ"

ഇതുവരെയും അത്ര വലിയ കുഴപ്പമൊന്നും ഉണ്ടായിരുന്നില്ല. സകലതും സഹിക്കാവുന്നതായിരുന്നു. എന്നാ

ലൊരു ദിവസം പൂസിയൊപ്പിച്ച പണി യെന്തെന്നോ? ഡാഡിയുടെ മേശപ്പുറത്തിരിക്കുന്ന ഗ്ലോബെടുത്ത് കളിക്കുകയാരുന്നു അത്. പൂസി മെല്ലെ ഗ്ലോബിൽ കൈവെച്ച് തിരിക്കും. തിരിഞ്ഞുകൊണ്ടിരിക്കെ തന്നെ അത് നിർത്തുകയും ചെയ്യും. അനിമക്കും പൂസിയുടെ കളി പെരുത്തിഷ്ടമായി.

അവൾ നല്ലോണം രസിച്ചു. പൂസിയെന്നും കളിയിൽ മുഴുകും. ഒരു ദിവസം കളിച്ചുകൊണ്ടിരിക്കുമ്പോഴാണ് മേശപ്പുറത്ത് വെച്ചിരുന്ന മഷിക്കുപ്പി തകർന്ന് തരിപ്പണമായത്. കറുത്ത മഷി പടർന്ന് ഡാഡിയുടെ സകല പുസ്തകങ്ങളും കടലാസ്സുകളും ഉപയോഗശൂന്യമായി.

മഷിക്കുപ്പിയിലുണ്ടായിരുന്ന കറുത്ത മഷി മേശയുടെ ചുവട്ടിലുള്ള സ്ഥലത്തേക്കും പരന്നൊഴുകി. അനിമക്ക് ഒളിക്കണമെന്നുണ്ടായിരുന്നു. പക്ഷേ, അപ്പോഴേക്കും മമ്മി അവിടെയെത്തി.


ഡാഡി പതിവുപോലെ വൈകുന്നേരം ജോലിസ്ഥലത്ത് നിന്നും വീട്ടിൽ തിരിച്ചെത്തി. “പൂസിയുടെ ക്രൂര കൃത്യങ്ങൾ’ കണ്ട് അദ്ദേഹത്തിന്റെ മുഖം ഗൗരവം പൂണ്ടു. വളരെ വിലപ്പെട്ട പുസ്തകങ്ങളാണ് മഷി പരന്ന് കേടുവന്നിരിക്കുന്നത്!! എങ്കിലും അദ്ദേഹം ആരോടും ഇതൊന്നും പറഞ്ഞില്ല.

വൈകുന്നേരമായതും പൂസിയേയുമെടുത്ത് അനിമയുടെ ഡാഡി അങ്ങകലേക്ക് നടന്നു. അതിനെ എവിടെയോ അദ്ദേഹം ഉപേക്ഷിച്ചു.

തീരാ ദുഃഖമായിരുന്നു അനിമയുടേത്; അവൾ കരഞ്ഞുകൊണ്ട് ഉറങ്ങിപ്പോയി.

തണുത്തരാത്രി! വാതിലുകളും





വതായനങ്ങളുമൊക്കെ അടഞ്ഞു കിടക്കുകയായിരുന്നു. പൊടുന്നനെയാണ് അനിമയുടെ മൃദുകവിളത്ത് ഒരു തൂവൽസ്പർശം! മിഴിരണ്ടും തുറന്നു നോക്കിയപ്പോൾ പൂസിയുണ്ട് തൊട്ടടുത്തിരിക്കുന്നു! അവളിത്തിരി ഉച്ചത്തിൽ ചോദിച്ചു: “നീ വന്നോ പൂസി?”

ശബ്ദം കേട്ട് ഡാഡിയുണർന്നു.

പാവം വല്ല സ്വപ്നവും കണ്ട് പിറുപിറുത്തതാവുമെന്നാണ് അദ്ദേഹം കരുതിയത്. പെട്ടെന്ന് അദ്ദേഹത്തിന്റെ ദൃഷ്ടി അതിന്റെ നേർക്ക് പതിഞ്ഞു. കതകു രണ്ടും തുറന്നുകിടക്കുകയായിരുന്നു. “ഓ മൈഗോഡ്!” അദ്ദേഹം എണീറ്റിരുന്നു. നിഴൽകണക്കെയെന്തോ നീങ്ങുന്നതായി. അദ്ദേഹത്തിനു തോന്നി. അദ്ദേഹം നിലവിളിച്ചു:

“കള്ളൻ! കള്ളൻ!!”

അനിമയുടെ അച്ഛന്റെ ഉച്ചത്തിലുള്ള നിലവിളി കേട്ട് അയൽവാസികളൊക്കെയും ഒത്തു കൂടി. വീട്ടിൽ കള്ളൻ കടന്നെങ്കിലും ഒന്നും എടുക്കാൻ കഴിഞ്ഞിരുന്നില്ല. ജനാലയിലൂടെ അഴിയെടുത്ത് കടന്നാവും കള്ളൻ അകത്ത് കടന്നിരിക്കുക.

അപ്പോഴേക്കും ഒരു വിധത്തിൽ വീട്ടിലേക്കുള്ള വഴി കണ്ടുപിടിച്ച് പൂസിയവിടെ വന്നെത്തിയതാവും! കതക് തുറന്നു കിടക്കുന്നത് കാണേണ്ട താമസം അകത്തേക്കു കടക്കുകയും ചെയ്തിരിക്കാം.

ഡാഡി നേരെ അനിമയുടെ മുറിയിൽ പ്രവേശിച്ച് പൂസിയെ മടിയിലെടുത്ത് വച്ചു. അദ്ദേഹം വത്സല്യത്തോടെ പറഞ്ഞു:

“ന്റെ പൊന്നു പൂസി, നീ കാരണം നമ്മൾ രക്ഷപ്പെട്ടു!” അനിമയുടെ മിഴി രണ്ടും നിറഞ്ഞൊഴുകി.

മൊഴിമാറ്റം

● പ്രൊ. വേണു മരുതായി